"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2024 - ലെ ഓൺലൈൻ പൊതുസ്ഥലംമാറ്റം - സർക്കാർതലത്തിൽ അപ്പീൽ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2054/2024/LSGD തീയതി,തിരുവനന്തപുരം, 29-10-2024**

---

പരാമർശം:-

1. സ.ഉ.(കൈ) നം. 46/2024/തസ്വഭവ തീയതി, 16/03/2024.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/6478/2024-DED-(Part (1) തീയതി, 20/08/2024.
3. സ.ഉ. (സാധാ) നം 1871/2024/LSGD തീയതി, 08/10/2024.
4. 08/10/2024-ന് ചേർന്ന അപ്പീൽ കമ്മിറ്റിയോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലികമാക്കി പുതുക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലെ 2024 വർഷത്തെ സംസ്ഥാനതലത്തിലുള്ള പൊതുസ്ഥലംമാറ്റ പട്ടിക സോഫ്റ്റ് വെയർ മുഖേന അന്തിമമാക്കി പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി.

പൊതുസ്ഥലംമാറ്റ ഉത്തരവിന്മേൽ ആക്ഷേപങ്ങളും/അപ്പീലുകളും ഫയൽ ചെയ്യുന്നതു സംബന്ധിച്ച് പരാമർശം (1) ഉത്തരവിന്റെ Clause 13 -ലെ വ്യവസ്ഥ പ്രകാരം അന്തിമ സ്ഥലംമാറ്റ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം അപ്പീൽ സമർപ്പിക്കേണ്ടതും ആക്ഷേപങ്ങളും അപ്പീലുകളും സമർപ്പിക്കേണ്ട അവസാന തീയതി മുതൽ 15 ദിവസത്തിനകം ആക്ഷേപങ്ങളും 21 ദിവസത്തിനകം അപ്പീലുകളും തീർപ്പാക്കേണ്ടതുമുണ്ട്.

2024 വർഷത്തെ അപ്പീലുകൾ പരിശോധിക്കുന്നതിനായി പരാമർശം (3) പ്രകാരം സർക്കാർ തലത്തിൽ അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഓൺലൈനായി ലഭ്യമായ ആയിരത്തിൽപ്പരം അപ്പീൽ അപേക്ഷകൾ പരിശോധിക്കുന്നതിന്, കമ്മിറ്റി അംഗങ്ങൾ, ജീവനക്കാര്യവുമായി ബന്ധപ്പെട്ട സെക്ഷനുകളിലെ സെക്ഷൻ ഓഫീസർമാർ, മേലുദ്യോഗസ്ഥർ എന്നിവർക്ക് IKM മുഖേന LOGIN ID-യും, PASSWORD-ഉം ലഭ്യമാക്കുകയുണ്ടായി. എന്നാൽ സർക്കാരിന് ഓരോ അപേക്ഷയിലും തീരുമാനമെടുക്കാൻ കഴിയുംവിധം പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിന് സോഫ്റ്റ്‌വെയറിൽ സംവിധാനം ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ഓരോ അപേക്ഷയും hard copy എടുത്ത് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞശേഷം മാത്രം ഓരോ വിഷയത്തിലും തീരുമാനം കൈക്കൊള്ളുന്നത് കാലതാമസം ഉണ്ടാക്കുമെന്നതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിന് സോഫ്റ്റ് വെയറിൽ സൗകര്യം ഏർപ്പെടുത്തുന്നതിന് IKM-നെ ചുമതലപ്പെടുത്താവുന്നതാണെന്ന് അപ്പീൽ കമ്മിറ്റിയുടെ പ്രഥമ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അപ്രകാരം സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരുത്തേണ്ടതുള്ളതിനാൽ അപ്പീൽ തീർപ്പാക്കുന്നതിനുള്ള സമയപരിധി അപ്പീൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് തീയതി മുതൽ 45 ദിവസം എന്ന് സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി നിജപ്പെടുത്താവുന്നതാണെന്നും ടി കമ്മിറ്റി തീരുമാനിച്ചു.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളിലെ 2024 വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവിന്മേലുള്ള അപ്പീലുകൾ തീർപ്പാക്കുന്നതിനുള്ള സമയപരിധി അപ്പീൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് തീയതി മുതൽ 45 ദിവസം വരെ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി. ( LSGD-ERA1/128/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 29-10-2024 13:04:34

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ-യ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ-യ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (I) യുടെ സി എ-യ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (III) യുടെ സി എ-യ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി (II) യുടെ സി എ-യ്ക്ക്.

തദ്ദേസ്വയംഭരണ (ഇആർഎ/ഇആർബി/ഇപിഎ/ഇപിബി/ഇയു/ഐബി/ഇഡബ്ല്യുബി)

വകുപ്പുകൾക്ക്